പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

കോഴിക്കോട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1341

13.06.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| ശ്രീ.പി.റ്റി.എ. റഹീം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതി കേന്ദ്രസർക്കാർ പുതുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (എ) | പി.എം.ജി.എസ്.വൈ പദ്ധതി കേന്ദ്രസർക്കാർ പുതുക്കിയിട്ടുണ്ട്. പി.എം.ജി.എസ്.വൈ I ൽ 100 ശതമാനം വിഹിതം കേന്ദ്ര സർക്കാരാണ് അനുവദിച്ചിരുന്നതെങ്കിൽ പി.എം.ജി.എസ്.വൈ II ൽ 75:25 എന്ന അനുപാതത്തിലാണ്. പി.എം.ജി.എസ്.വൈ II ൽ 5 മീറ്ററും അതിൽ കൂടുതലുള്ള റോഡുകളുമാണ് പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്നത്. ഇതിനായി ഏറ്റെടുക്കേണ്ട റോഡുകളുടെ മാസ്റ്റർ പ്ലാനായി ജില്ലാതല ഗ്രാമീണ റോഡ് പ്ലാൻ തയ്യാറാക്കൽ നടപടി ജില്ലകളിൽ പുരോഗമിച്ച് വരികയാണ്. ടി പ്രക്രിയ പൂർത്തീകരിച്ചതിന് ശേഷം ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. |
| (ബി) | കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | പി.എം.ജി.എസ്.വൈ II ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മാസ്റ്റർ പ്ലാനായ ജില്ലാതല ഗ്രാമീണ റോഡ് പ്ലാൻ തയ്യാറാക്കൽ നടപടി ജില്ലകളിൽ പുരോഗമിക്കുന്നതിനാൽ ഏറ്റെടുക്കേണ്ട റോഡുകളുടെ പട്ടിക ഇപ്പോൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ